"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ കുളവുപാറ, പന്നിയോട് കൊട്ടാരത്തിൽ ഹൗസിലെ ശ്രീമതി. ഗീതാകുമാരി സി.വിക്ക് ക്ലേശഘടകം പരിഗണിച്ച് ലൈഫ് ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാക്രമം പുനർനിശ്ചയിച്ച് ആനുകൂല്യം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1665/2024/LSGD തീയതി,തിരുവനന്തപുരം, 10-09-2024

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ 21/11/2023 ലെ 826/2023 നമ്പർ ഉത്തരവ്.
2. പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 15/05/2024 ലെ സാധാരണ യോഗത്തിന്റെ IV(13)ാം നമ്പർ തീരുമാനം.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷന്റെ 27/07/2024 ലെ എൽ.എഎം4/1948/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ലൈഫ് 2020 പട്ടികയിൽ ക്രമ നമ്പർ 898 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. ഗീതാകുമാരി സി.വി. കൊട്ടാരത്തിൽ ഹൗസ്, കുളവുപാറ പന്നിയോട് പി.ഒ., തിരുവനന്തപുരം, പട്ടിക തയ്യാറാക്കിയപ്പോൾ തന്റെ ഭർത്താവിന്റെ ക്ലേശഘടകം പരിഗണിച്ചില്ലായെന്നും ടി ക്ലേശഘടകം കൂടി പരിഗണിച്ച് ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാ ക്രമം പുനർനിശ്ചയിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേൽ പ്രസ്തുത കുടുംബത്തിന് ക്ലേശഘടകത്തിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡ പ്രകാരം മുൻഗണന നിശ്ചയിച്ച് നൽകുവാൻ പരാമർശം (1) പ്രകാരം ബഹു. ഓംബുഡ്സ്മാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ ലൈഫ് ഭവനപദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുവാൻ ശ്രീമതി. ഗീതാകുമാരി അർഹയാണെന്നും, ബഹു. ഓംബുഡ്സ്മാന്റെ വിധിയുടെ

അടിസ്ഥാനത്തിൽ ശ്രീമതി. ഗീതാകുമാരിയ്ക്ക് ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബഹു. സർക്കാരിനോട് അഭ്യർത്ഥിച്ചു കൊണ്ട് പൂവച്ചൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശം 2 പ്രകാരം തീരുമാനം കൈക്കൊള്ളുകയും, അപേക്ഷകയുടെ കുടുംബത്തിന് അർഹമായ ക്ലേശഘടകങ്ങൾ പരിഗണിച്ച് മുൻഗണനാക്രമം പുനർനിശ്ചയിച്ചുകൊണ്ട് ലൈഫ് ഭവനപദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ പ്രത്യേക അനുമതി നൽകണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 3 പ്രകാരം സർക്കാരിലേക്ക് ശുപാർശ ചെയ്യുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ കുളവുപാറ, പന്നിയോട് കൊട്ടാരത്തിൽ ഹൗസിൽ ശ്രീമതി. ഗീതാകുമാരി സി.വിയുടെ ഭർത്താവ് 80% ഭിന്നശേഷിയുള്ള വ്യക്തിയാണെന്ന ക്ലേശഘടകം പരിഗണിച്ച് പ്രസ്തുത കുടുംബത്തിന് ലൈഫ് ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാക്രമം പുനർനിശ്ചയിച്ച് ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ(ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ശ്രീമതി ഗീതാകുമാരി സി.വി, കൊട്ടാരത്തിൽ ഹൗസ്, കുളവുംപാറ, പന്നിയോട് പി.ഒ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 10-09-2024 16:00:20

സെക്ഷൻ ഓഫീസർ